"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി.അനുഷ്യ എ. യുടെ നിയമനാംഗീകാരം സംബന്ധിച്ച് സർക്കാരിൽ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.4602/2026/GEDN** തീയതി, തിരുവനന്തപുരം, 08-07-2026

---

പരാമർശം:-
1. സ. ഉ. (കൈ) നം. 54/2024/പൊവിവ തീയതി 01/06/2024.
2. കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 25/04/2025 തീയതി പുന:പരിശോധന ഹർജി.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14/08/2025 തീയതിയിലെ ഇഎം1/16354/2025/ഡി.ജി.ഇ. നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 20/08/2025 തീയതിയിലെ DDEPKD/3381/2025-B4 നമ്പർ കത്ത്.
5. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/02/2026 തീയതിയിലെ DEOPKD/212/2026-B5 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിൽ മലയാളം മീഡിയം യു.പി.എസ്.ടി ആയി 15/07/2021 തീയതി മുതൽക്ക് ശ്രീമതി. അനുഷ്യ എ.യുടെ നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ മാനേജർ പരാമർശം (2) പുന:പരിശോധന ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജിയുടെ അടിസ്ഥാനത്തിൽ അനുവദിച്ച ഹിയറിങ്ങിൽ മാനേജരുടെയും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്തിരുന്നു.

**2. പുന:പരിശോധന ഹർജിയിലെ വിഷയം ഇപ്രകാരമാണ് :**

"പാലക്കാട് ജില്ലയിലെ കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിൽ മലയാളം മീഡിയം യു.പി.എസ്.ടി. ആയി ശ്രീമതി. അനുഷ്യ എ.യെ 15/07/2021 മുതൽ ശ്രീ. സുസൈരാജ് എം. യു.പി.എസ്.ടി. യെ എച്ച്.എസ്.എസ്.ടി ജൂനിയർ ബോട്ടണി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ നിയമിക്കുകയുണ്ടായി. ഈ നിയമന അപേക്ഷ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി5/25269/2021 തീയതി 14/12/2022 പ്രകാരം താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ചു.

1. സ്ഥാനക്കയറ്റം നൽകിയ സുസൈരാജിന്റെ 15.7.2021 മുതൽക്കുള്ള എച്ച്.എസ്.എസ്.ടി നിയമനം ഇനിയും അംഗീകരിച്ചിട്ടില്ല.
2. നിയമനാർത്ഥി സെക്കന്ററി തലത്തിൽ മലയാളം പഠിച്ചിട്ടില്ല. സി.ടെറ്റ് യോഗ്യതയിൽ മാത്രമാണ് മലയാളം ഉപഭാഷയായി പഠിച്ചിട്ടുള്ളത്.
3. സീനിയർ യു.പി.എസ്.ടി യുടെ നിയമനം അംഗീകരിച്ചിട്ടില്ല.
4. മെഡിക്കൽ ഫിറ്റ്നസിൽ വിലാസം പൂർണ്ണമല്ല.

ഇതിനെതിരെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയ അപ്പീൽ ഹർജി ബി4/218533/2022 തീയതി 16/04/2023 പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച 2,3,4 എന്നീ തടസ്സവാദങ്ങൾ നിലനിൽക്കുന്നു എന്ന കാരണത്താൽ നിരസിച്ചു.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ മാനേജർ ചട്ടം 8 എ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുൻപാകെ റിവിഷൻ അപ്പീൽ ഫയൽ ചെയ്യുകയും പ്രസ്തുത റിവിഷൻ പെറ്റീഷൻ ഡയറക്ടർ അനുവദിക്കുകയും സുസൈരാജിന്റെ എച്ച്.എസ്.എസ്.ടി നിയമനവും സീനിയർ യു.പി.എസ്.ടി ക്രിസ്റ്റീനയുടെ നിയനവും അംഗീകരിച്ചതിനാലും മലയാള ഭാഷാ പഠനത്തിന് സ.ഉ. (കൈ) നം. 87/2023/പൊ.വി.വ തീയതി 28/06/2023 പ്രകാരം ഇളവ് ആനുകൂല്യം നിലനിൽക്കുന്നതിനാലും മെഡിക്കൽ സർട്ടിഫിക്കറ്റിലെ പോരായ്മ പരിഹരിക്കാൻ അവസരം നൽകികൊണ്ടും നിയമനാംഗീകാരം പുനപരിശോധിച്ച് ഉത്തരവാകുവാൻ ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയാണുണ്ടായത്.

ഡയറക്ടറുടെ ഈ ഉത്തരവ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ വീണ്ടും നിരസിക്കുകയാണുണ്ടായത്, സ.ഉ. (കൈ) നം. 87/2023/പൊ.വി.വ തീയതി 28/06/2023-ലെ ഉത്തരവിൽ ഡിഗ്രി തലത്തിലോ, അദ്ധ്യാപക പരിശീലനം സംബന്ധിച്ച കോഴ്സിലോ മലയാളം പഠിച്ചാൽ മാത്രമേ മലയാള പഠനത്തിന് ഇളവ് നൽകാനാവൂ എന്ന കാരണം ഉന്നയിച്ചാണ് ജില്ലാവിദ്യാഭ്യാസ ഓഫീസർ ഡയറക്ടറുടെ റിവിഷൻ ഉത്തരവ് നിരാകരിച്ച് ഉത്തരവിട്ടിട്ടുള്ളത്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/11/2023-ലെ ഉത്തരവിൽ പരാമർശിച്ച പ്രകാരം ശ്രീമതി.അനുഷ്യ എ.ക്കു സ.ഉ.(കൈ) നം.87/2023/പൊ.വി. തീയതി 28/06/2023 പ്രകാരം മലയാളം പഠനത്തിന് ഇളവിന് അർഹതയുള്ളതാണ്.

സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി-ടെറ്റ്) ന്യൂഡൽഹി നടത്തുന്ന പരീക്ഷകൾ അദ്ധ്യാപക ട്രെയിനിംഗ് യോഗ്യത തന്നെയാണ്. ഈ കോഴ്സിൽ പേപ്പർ 1 മുതൽ 5 വരെയുള്ള എലിമെന്ററി സ്റ്റേജിലും രണ്ടാം ഭാഷ മലയാളം തന്നെയാണ്. ശ്രീമതി.അനുഷ്യ എ. സി-ടെറ്റ് പാസ്സായതാണ്. കൂടാതെ ജനുവരി 2022-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ സെക്കന്റ് ലാംഗ്വേജ് ടെസ്റ്റ് (മലയാളം) പരീക്ഷയും പാസ്സായിട്ടുള്ളതുമാണ്.

നിയമനാർത്ഥി സെന്റ് ഫ്രാൻസിസ് സെൻട്രൽ സ്കൂൾ കൊഴിഞ്ഞമ്പാറയിൽ 4 മുതൽ 7 വരെ ക്ലാസ്സുകളിൽ രണ്ടാം ഭാഷ മലയാളമായി പഠനം പൂർത്തിയാക്കിയിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് സ്കൂൾ പ്രധാനാദ്ധ്യാപകൻ നൽകിയ ഡിക്ലറേഷന്റെ കോപ്പി ഹാജരാക്കിയിരുന്നു. കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 31-ലെ ചട്ടം 3 ൽ വിവക്ഷിച്ചിട്ടുള്ള യോഗ്യതകൾ

നിയമനാർത്ഥി നേടിയിട്ടുള്ളതാണ്. ഈ നിയമത്തിൽ കീഴിൽ മലയാളം മീഡിയത്തിലുള്ള പഠനം നിർബന്ധമാക്കികൊണ്ട് നിയമം ഭേദഗതി ചെയ്തിട്ടില്ലാത്തതാണ്. നിലവിലുള്ള നിയമത്തെ മറികടന്നു കൊണ്ട് എക്സിക്യൂട്ടീവ് ഉത്തരവുകൾ വഴി മലയാളം മീഡിയത്തിൽ പഠിച്ചിരിക്കണമെന്ന വ്യവസ്ഥ നടപ്പിൽ വരുത്തിയ സർക്കാർ നടപടിയെ സാധൂകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ നം.162/2020 തള്ളിക്കളഞ്ഞുകൊണ്ട് 24/06/2020 ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധി പ്രസ്താവിച്ചിട്ടുള്ളതുമാണ്. സമാനമായ മറ്റൊരു കേസിലും സർക്കാർ നൽകിയ റിട്ട് അപ്പീൽ നം.135/17 തള്ളിക്കളഞ്ഞുകൊണ്ട് ബഹു. കേരള ഹൈകോടതി ഡിവിഷൻ ബെഞ്ച് 07/08/2017-ൽ വിധി പ്രസ്താവിച്ചിട്ടുള്ളതാണ്.

സമാനമായ മറ്റൊരു കേസിൽ ഈ വിഷയത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. 24/02/2023-ന് മുമ്പുള്ള ട്രെയിനിംഗ് യോഗ്യതയാണ് ഉള്ളതെങ്കിൽ സ.ഉ നം.)കൈ) 87/2023/പൊ.വി.വ തീയതി 28.6.2023-ലെ ഉത്തരവ്വ പ്രകാരമുള്ള യോഗ്യത പരീക്ഷ നേടണം എന്ന് വ്യക്തമാക്കികൊണ്ട് ബി3/229/2024/പൊ.വി.വ തീയതി 17.1.2025-ലെ കത്ത്, മറ്റൊരു കേസിൽ നൽകിയ സർക്കാർ കത്ത് നം.ജെ.ആർ1/123/2023/പൊ.വി.വ തീയതി 28.5.2025-ലെ കത്ത് എന്നിവയുടെ പകർപ്പുകൾ ഹർജിക്കാർ ഹാജരാക്കി.

ഭിന്നശേഷി നിയമനം സംബന്ധിച്ച് സർക്കാർ കത്ത് നം. ജെ.ആർ1/502/2023/പൊ.വി. തീയതി 01/11/2023, ജെ.ആർ1/502/2023/പൊ.വി.വ തിയതി 24/01/2024 എന്ന കത്തിലെ നിർദ്ദേശമനുസരിച്ചും ഭിന്നശേഷി നിയമനം സംബന്ധിച്ച് വസ്തുതകൾ ഒരു തടസ്സമാവാതെ നിയമനാംഗീകാരം നല്കുവാൻ സർക്കാർ നിർദ്ദേശം ഉള്ളതാണ്.

ശ്രീമതി.അനുഷ്യ എ. പി.എസ്.സി. നടത്തിയ മലയാളം ഭാഷാ പരീക്ഷ പാസ്സായതിനാലും ടിയാരിയുടെ സി-ടെറ്റ് സർട്ടിഫിക്കറ്റിൽ രണ്ടാം ഭാഷയായി മലയാളം പഠിച്ചിട്ടുള്ളതിനാലും ടിയാരിയുടെ ട്രെയിനിംഗ് യോഗ്യത 28/06/2023-ന് മുൻപുള്ളതായിരുന്നതിനാലും സ.ഉ. (കൈ) നം.87/2023/പൊ.വി.വ തീയതി 28/06/2023-ൽ പ്രതിപാദിച്ച ഇളവിന് അർഹതയുണ്ടെന്ന് ഉറപ്പായിരിക്കുകയാണ്. ആയതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരന്തരമായി ഉന്നയിക്കുന്ന തടസ്സവാദം റദ്ദാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 18/11/2023-ലെ ഉത്തരവിന്റെയും സർക്കാർ കത്ത് തീയതി 17/01/2025-ന്റെയും വെളിച്ചത്തിൽ ശ്രീമതി. അനുഷ്യ എ.യുടെ 15/07/2021 മുതൽക്കുള്ള യു.പി.എസ്.ടി. മലയാളം നിയമനം റഗുലർ വ്യവസ്ഥയിൽ അംഗീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

**3. വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചു :**

കൊഴിഞ്ഞാമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിലെ UPST (മലയാളം മീഡിയം) അദ്ധ്യാപകനായിരുന്ന ശ്രീ എം. സൂസൈരാജിന് എച്ച്.എസ്.എസ്.ടി. (ബോട്ടണി) തസ്തികയിലേക്ക് 15/07/2021 മുതൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 15/07/2021 മുതൽ ശ്രീമതി എ. അനുഷ്യക്ക് യു.പി.എസ്.ടി. (മലയാളം മീഡിയം) ആയി മാനേജർ നിയമനം നൽകി.

1. സ്ഥാനക്കയറ്റം നൽകിയ സൂസൈരാജിന്റെ എച്ച്.എസ്.ടി. നിയമനം നാളിതു വരെ അംഗീകരിച്ചിട്ടില്ല.

2. 22/05/2019-ലെ G.O.(MS).67/2018 ഉത്തരവിൽ യു.പി.എസ്.ടി. തസ്തികയിൽ നിയമിതരാകുന്നവർക്ക് മലയാളം നിർബന്ധിത യോഗ്യതയാണെന്ന് പ്രതിപാദിക്കുന്നുണ്ട്. എന്നാൽ, നിയമനാർഥി മലയാളം പഠിച്ചതായി കാണുന്നില്ല. സി-ടെറ്റ് യോഗ്യത പരീക്ഷയിൽ മാത്രമാണ് മലയാളം ഉൾപ്പെട്ടിരിക്കുന്നത്. സെക്കന്ററി, ഹയർസെക്കന്ററി തലങ്ങളിലോ ഡിഗ്രി, ട്രെയിനിങ് യോഗ്യതാ തലങ്ങളിലോ മലയാളം പഠിച്ചതായി കാണുന്നില്ല.
3. സീനിയർ നിയമനാർഥിയുടെ യു.പി.എസ്.ടി. മലയാളം തസ്തികയിലെ നിയമനം നാളിതു വരെ അംഗീകരിച്ചിട്ടില്ല തുടങ്ങിയ ന്യൂനതകൾ ചൂണ്ടിക്കാട്ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. നിയമനം നിരസിച്ചതിനെതിരെ മാനേജർ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും നിരസിച്ചു.

ആയതിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ അപ്പീൽ സമർപ്പിച്ചിരുന്നു. സ്ഥാനക്കയറ്റം നൽകപ്പെട്ട ശ്രീ. സൂസൈരാജിന്റെ യു.പി.എസ്.ടി. നിയമനം അംഗീകരിച്ച് ഒഴിവു വ്യവസ്ഥാപിതമായതിനാലും സീനിയർ ആയ ശ്രീമതി. ക്രിസ്റ്റീനയുടെ നിയമനം അംഗീകരിച്ചു നൽകിയതിനാലും സ.ഉ.(കൈ)നം.87/2023/പൊ.വി.വ തീയതി 28/06/2023 പ്രകാരം പുനഃപരിഗണിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ആഫീസർക്കു നിർദ്ദേശം നൽകിക്കൊണ്ട് അപ്പീൽ തീർപ്പാക്കിയിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം പുനഃപരിശോധിച്ചു. സർക്കാർ ഉത്തരവ് 87/2023 പൊ.വി.വ തീയതി 28.06.2023 പ്രകാരം ഹൈസ്കൂൾതലത്തിൽ മലയാളം പഠിക്കാത്തവർക്ക് ഡിഗ്രി, അധ്യാപക പരിശീലനം എന്നിവയിൽ ഏതെങ്കിലും മലയാളം പഠിച്ചാൽ മാത്രമേ മലയാള പഠനത്തിന് ഇളവുള്ളൂ. എന്നാൽ നിയമനാർത്ഥി സ്കൂൾതലത്തിലോ പ്ലസ്-ടു തലത്തിലോ ഡിഗ്രിതലത്തിലോ ബി.എഡ് തലത്തിലോ മലയാളം പഠിക്കാത്തതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം വീണ്ടും നിരസിച്ചു.

നിലവിൽ ടിയാൾ സമാനമായ മറ്റു വ്യക്തിഗത കേസുകൾ ചൂണ്ടിക്കാട്ടിയും പി.എസ്.സി നടത്തിയ സെക്കന്റ് ക്ലാസ്സ് ലാംഗ്വേജ് ടെസ്റ്റ് (മലയാളം) പാസ് ആയി എന്നും നാലാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ് വരെ മലയാളം പഠനം നടത്തിയിട്ടുണ്ട് എന്നും ആയതിനാൽ ടി നിയമനം അംഗീകരിക്കണമെന്നും ആവശ്യപ്പെട്ടാണ് സർക്കാരിൽ ഹർജി സമർപ്പിച്ചിട്ടുള്ളത്.

സ.ഉ.(കൈ)നം.87/2023/പൊ.വി.വ തീയതി 28.06.2023, സ.ഉ.(കൈ)നം. 19/2023/പൊ.വി.വ, തീയതി 24.02.2023, സ.ഉ.(സാധാ)നം.67/2018/പൊ.വി.വ തീയതി 22.05.2018, സ.ഉ.(സാധാ)നം.534/2002/പൊ.വി.വ തീയതി 19.03.2002 എന്നിവ പ്രകാരം യു.പി.എസ്.ടി നിയമനത്തിന് പത്താം തരം വരെ മലയാളം പഠിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, നിയമനാർത്ഥി സ്കൂൾതലത്തിലോ പ്ലസ്-ടു തലത്തിലോ ഡിഗ്രി തലത്തിലോ ബി.എഡ് തലത്തിലോ മലയാളം പഠിച്ചതായി കാണുന്നില്ല. ആയതിനാൽ ടി നിയമനം പരിഗണനാർഹമല്ല. മലയാളം പഠിക്കുന്നതിൽ നിന്നും ഇളവ് നൽകി വ്യക്തിഗത ഉത്തരവ് നൽകുന്നതിനുള്ള അധികാരം സർക്കാരിനു മാത്രമാണ് ഉള്ളതെന്നും അറിയിക്കുന്നു.

4. ഹർജിയിലെ വിഷയം വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ച റിപ്പോർട്ട്, നിലവിലെ KER വ്യവസ്ഥകൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിൽ മലയാളം മീഡിയം യു.പി.എസ്.ടി ആയി 15/07/21 മുതലുള്ള ശ്രീമതി അനുഷ്യയുടെ നിയമനത്തിന് തടസ്സമായി നിന്ന "സ്ഥാനക്കയറ്റം നൽകിയ സൂസൈരാജിന്റെ HSST നിയമനം നാളിതുവരെ അംഗീകരിച്ചിട്ടില്ല", "സീനിയർ നിയമനാർഥിയുടെ UPSTമലയാളം തസ്തികയിലെ നിയമനം നാളിതുവരെ അംഗീകരിച്ചിട്ടില്ല" എന്നിവ പരിഹരിക്കപ്പെട്ടതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ, നിയമനാർത്ഥി സ്കൂൾതലത്തിലോ പ്ലസ്-ടു തലത്തിലോ ബിരുദ/ ബിരുദാനന്തര/തലത്തിലോ ബി.എഡ്. തലത്തിലോ മലയാളം പഠിക്കാത്തതിനാലാണ് ടിയാളുടെ നിയമനം നിരസിച്ചിരിക്കുന്നത്. ടിയാളുടെ C-TET യോഗ്യത പരീക്ഷയിൽ മാത്രമാണ് മലയാളം ഒരു വിഷയമായി ഉൾപ്പെട്ടിരിക്കുന്നത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

19/03/2002-ലെ G.O(Rt) No 534/2002/G.Edn പ്രകാരം മലയാളം മീഡിയം നിയമനത്തിനുള്ള യോഗ്യത ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഭേദഗതി ചെയ്തിരുന്നു:

"Candidates who have not studied the Regional language Malayalam either under Part 1 or Part 2 or as medium of instruction of SSLC will not be eligible for appointment to the post".

സെക്കന്ററി/ ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ ബിരുദാനന്തര/അധ്യാപക ട്രെയിനിങ് യോഗ്യത തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റെഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്കു നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ് എന്ന് 22/05/2018-ലെ G.O(Ms) No 67/2018/G.Edn പ്രകാരം വ്യക്തമാക്കിയിരുന്നു. 22/05/2018-ലെ ഉത്തരവ് പ്രകാരം അധ്യാപന ജോലി പ്രതീക്ഷിച്ച 24/02/2023-ൽ ട്രെയിനിങ് യോഗ്യത കരസ്ഥമാക്കിയവർക്കും ബന്ധപ്പെട്ട കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്കും 24/02/23-ലെ G.O(Ms) No. 19/23/G.Edn ഉത്തരവിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകിക്കൊണ്ടും അപ്രകാരം നിയമിതരാകുന്നവർക്കു മലയാള പ്രാവീണ്യം ഉറപ്പാക്കുന്നതിനുള്ള യോഗ്യത പരീക്ഷ എഴുതുന്നതിനു അനുമതി നൽകിക്കൊണ്ടും 28/06/23-ലെ G.O(Ms) No.87/2023/G.Edn പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. സെക്കണ്ടറി തലത്തിൽ മലയാളം ഒരു വിഷയമായി പഠിക്കാതെ എൽ.പി.എസ്.ടി./ യു.പി.എസ്.ടി. (മലയാളം മീഡിയം) തസ്തികയിൽ നിയമിക്കപ്പെടുന്നവർക്ക് മലയാള ഭാഷാ പ്രാവീണ്യം ഉറപ്പാക്കുന്നതിനായി കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന Language Test in Malayalam പരീക്ഷ 40 % -ൽ കുറയാത്ത മാർക്ക് നേടി പാസായിരിക്കണം എന്ന് സ.ഉ. (കൈ) നം. 144/2025/GEDN, തീയതി 20/08/2025 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രൈമറി അധ്യാപക നിയമനത്തിന് എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി തലത്തിൽ മലയാളം പഠിച്ചിരിക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തി കെ.ഇ.ആർ. ഭേദഗതി വരുത്തിയിട്ടില്ല. മേൽപ്പരാമർശിച്ച ഉത്തരവുകൾ അനുസരിച്ച് കെ.ഇ.ആറിൽ ഭേദഗതി വരുത്താത്തതിനാൽ, ചട്ടങ്ങളെ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേന മറികടക്കാൻ സാധിക്കുകയില്ല എന്ന് നിരവധി വിധിന്യായങ്ങളിൽ ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

കൂടാതെ, C-TET യോഗ്യത നേടിയവരെ K-TET യോഗ്യത നേടുന്നതിൽ നിന്നും

ഒഴിവാക്കിക്കൊണ്ട് 30/08/16-ലെ G.O(P) 145/2016/G.Edn പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. C-TET പ്രൈമറി സ്റ്റേജ് പാസ്സായവരെ K-TET Category 1-ൽ നിന്നും C-TET എലിമെന്ററി സ്റ്റേജ് പാസ്സായവരെ K-TET Category 2-ൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നു വ്യക്തത വരുത്തിക്കൊണ്ടും ആയതിനു 09/03/2018 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണെന്നു അറിയിച്ചുകൊണ്ടും 30/08/2016-ലെ ഉത്തരവിന് 01/02/2024-ലെ G.O(P) No 6/24/G.Edn പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീമതി. അനുഷ്യ 2021-ൽ C-TET (പ്രൈമറി, എലിമെന്ററി സ്റ്റേജ്) യോഗ്യത നേടിയതായി രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ KPSC നടത്തുന്ന Malayalam Language test 2022-ൽ പാസ്സായതു സംബന്ധിച്ച രേഖയും സമർപ്പിച്ചിട്ടുണ്ട്. K-TET കാറ്റഗറി 1/11 പാസ്സായവരെ LP/UP അദ്ധ്യാപകനിയമനങ്ങൾക്ക് പരിഗണിക്കാവുന്നതാണെന്നും C-TET യോഗ്യത സംബന്ധിച്ച് 01/02/2024-ലെ G.O(P) No 6/24/G.Edn നിർദേശം തുടരാവുന്നതാണെന്നും 13/01/26 -ലെ G.O(P) No. 5/2026/G.Edn പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞമ്പാറ സെന്റ് പോൾസ് ഹൈസ്കൂളിൽ മലയാളം മീഡിയം യു.പി.എസ്.ടി. ആയുള്ള ശ്രീമതി. അനുഷ്യ എ.യുടെ നിയമനം നിയമനാർത്ഥി 24/02/2023-നു മുൻപായി ട്രെയിനിംഗ് യോഗ്യത കരസ്ഥമാക്കിയിട്ടുണ്ട് അല്ലെങ്കിൽ ബന്ധപ്പെട്ട കോഴ്സിന് പ്രവേശനം നേടിയിട്ടുണ്ട് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി ടിയാൾ കേരള പി.എസ്.സി. നടത്തിയ Malayalam Language Test പാസ്സായിട്ടുള്ള സാഹചര്യം കണക്കിലെടുത്തുകൊണ്ടും സെക്കന്ററി, ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ലെങ്കിലും ചട്ടങ്ങളെ സർക്കാർ ഉത്തരവുകൾ കൊണ്ട് മറികടക്കാനാവില്ലായെന്ന കോടതിവിധികളുടെ അടിസ്ഥാനത്തിലും മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി നിയമനത്തീയതി ആയ 15/07/2021 മുതൽ അംഗീകാരം നൽകുന്നതിന് ബന്ധപ്പെട്ട പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം പരാമർശം (2) പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം - 695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് - 678 001.
മാനേജർ, സെന്റ് പോൾസ് ഹൈസ്കൂൾ, കൊഴിഞ്ഞാമ്പാറ, പാലക്കാട് - 678 555.
ശ്രീമതി. അനുഷ്യ എ., യു.പി.എസ്.ടി., സെന്റ് പോൾസ് ഹൈസ്കൂൾ, കൊഴിഞ്ഞാമ്പാറ, പാലക്കാട് - 678 555.
പ്രിൻസിപ്പൽ അക്കൗണ്ടന്റെ ജനറൽ ( ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (GEDN-B3/35/2026-G.EDN).

ഉത്തരവിൻ പ്രകാരം

Signed by Ragasmitha V M
Date: 08-07-2026 16:08:35

സെക്ഷൻ ഓഫീസർ